പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2040 — 17.03.2015-ൽ മറുപടി നൽകിയത്

## കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ

**ചോദ്യം**

ശ്രീ. കെ.എൻ.എ ഖാദർ :

**ഉത്തരം**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | 17.03.2015-ൽ നൽകിയ മറുപടി | പുതുക്കിയ മറുപടി |
|---|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. | കെ.എസ്.ആർ.ടി.സി തമിഴ്നാട്ടിലേക്കും, കർണ്ണാടകയിലേയ്ക്കുമായി 342 അന്തർ സംസ്ഥാന സർവ്വീസ്സുകൾ ഇപ്പോൾ നടത്തി വരുന്നുണ്ട്. |
| (ബി) | ദീർഘദൂര അന്തർ സംസ്ഥാന യാത്രക്കാർ നേരിടുന്ന റിസർവേഷൻ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. | ഉണ്ട്. |
| (സി) | എങ്കിൽ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | 2009-ൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടുകൂടി ആരംഭിച്ച മുൻകൂർ ടിക്കറ്റ് റിസർവേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് നവീകരിച്ച സോഫ്റ്റ്വെയറിന്റെ ട്രയൽ 2014 ഒക്ടോബർ 15-ന് ആരംഭിച്ച് 2014 നവംബർ മുതൽ പൂർണ്ണമായി നടപ്പിലാക്കി. | 2009-ൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടുകൂടി ആരംഭിച്ച മുൻകൂർ ടിക്കറ്റ് റിസർവേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് നവീകരിച്ച സോഫ്റ്റ്വെയറിന്റെ ട്രയൽ 2014 ഒക്ടോബർ 15-ന് ആരംഭിച്ച് 2014 നവംബർ മുതൽ പൂർണ്ണമായി നടപ്പിലാക്കി. |

| | | | | |
|---|---|---|---|---|
| (ഡി) | ഓൺലൈൻ റിസർവേഷൻ സംവിധാനം എത്ര സർവ്വീസ്സുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; | (ഡി) | ഓൺലൈൻ റിസർവേഷൻ സംവിധാനം 288 സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. | ഓൺലൈൻ റിസർവേഷൻ സംവിധാനം 288 സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഈ സംവിധാനം എല്ലാ അന്തർ സംസ്ഥാന സർവ്വീസുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | ഹ്രസ്വദൂര അന്തർ സംസ്ഥാന ഓർഡിനറി സർവ്വീസുകളിൽ പ്രായോഗികമല്ലാത്തതിനാലും, വരുമാനക്കുറവ് മൂലം സ്ഥിരമായി നടത്താത്ത അന്തർ സംസ്ഥാന സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാലും ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കൂടുതൽ സർവ്വീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. | ഹ്രസ്വദൂര അന്തർ സംസ്ഥാന ഓർഡിനറി സർവ്വീസുകളിൽ പ്രായോഗികമല്ലാത്തതിനാലും, വരുമാനക്കുറവ് മൂലം സ്ഥിരമായി നടത്താത്ത അന്തർ സംസ്ഥാന സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാലും ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കൂടുതൽ സർവ്വീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ